പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3082 13.03.2018 -ലെ മറുപടിക്ക്

# ബസുകളുടെ ബോഡി നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ | എ.കെ. ശശീന്ദ്രൻ<br>(ഗതാഗതവകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പുതുതായി വാങ്ങുന്ന ബസുകളുടെ ബോഡി നിർമ്മാണം സ്വകാര്യ കമ്പനികളെ ഏല്പിക്കുന്നതിന് പകരം കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുവാൻ ആലോചനയുണ്ടോ ; | (എ) യും (ബി) യും | ഉണ്ട്. ബസ് ബോഡി നിർമ്മിക്കുന്നതിനുള്ള Accreditation നിലവിൽ പാപ്പനംകോട് സെൻട്രൽ വർക്ക് ഷോപ്പിനു മാത്രമാണുള്ളത്. എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പിനും കൂടി Accreditation- ലഭിക്കുന്നതിനുള്ള അപേക്ഷ പൂനയിലുള്ള Central Institute of Road Transport (CIRT) -നു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ സുരക്ഷാ മാനദണ്ഡം അനുസരിച്ച് (AIS 052) കെ.എസ്.ആർ.ടി.സി. നിർമ്മിച്ച ബസിനു Phase / certification ലഭിച്ചിട്ടുണ്ട്. AIS 052 പ്രകാരമുള്ള ബസ് ബോഡി നിർമ്മിക്കുന്നതിന് ജോബ് നോംസ് പുനർ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനുകളുമായി ചർച്ചകൾ നടന്നുവരുന്നു. |
| (ബി) | കെ.എസ്.ആർടി.സി. വർക്ക് ഷോപ്പുകൾക്ക് നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ലാഭകരമായി ബസ് ബോഡി നിർമ്മിക്കുന്നതിന് കഴിയുമോ എന്ന് അറിയിക്കാമോ ; | | |
| (സി) | നിലവിൽ ഒരു ബസ് ബോഡി നിർമ്മിക്കുന്നതിന് എത്ര തൊഴിലാളികളുടെ അദ്ധ്വാനമാണ് വേണ്ടത് ; പുന:ക്രമീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ? | (സി) യും- | നിലവിൽ കെ.എസ്.ആർ. ടി.സി വർക്ക് ഷോപ്പുകളിൽ ഒരു സാധാരണ ബസ് ബോഡി നിർമ്മിക്കുന്നതിന് ശരാശരി 343 മുതൽ 351 വരെ മനുഷ്യ അദ്ധ്വാന ദിനങ്ങൾ വേണ്ടിവരുന്നു. ദേശീയ ശരാശരിയായ 200 |

| | | | |
|---|---|---|---|
| | | | മനുഷ്യദിനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇതു വളരെ കൂടുതലാണ്. മനുഷ്യദിനങ്ങൾ കുറയ്ക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ചർച്ചകൾ നടന്നുവരുന്നു. കേന്ദ്ര സർക്കാർ, ബസുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ പുനർനിർണ്ണയിച്ചതിനാൽ, ബസ് ബോഡി കോഡ് AIS 052 പ്രകാരം ബസ് ബോഡി നിർമ്മാണത്തിലെ ഉല്പാദനക്ഷമതയും ഗുണമേന്മയും ദേശീയ ശരാശരി നിലവാരത്തിൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**